പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4813 | 14/11/2019 ലെ മറുപടി

## ഔട്ട് ഓഫ് സ്കൂൾ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) വിവിധ കാരണങ്ങളാൽ പഠനം നിർത്തിയവരെയും സ്കൂളുകളിൽ ചേരാത്തവരെയും വിദ്യാലയങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ 'ഔട്ട് ഓഫ് സ്കൂൾ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഈ അധ്യയന വർഷം സ്കൂളുകളിൽ എത്തിക്കുവാൻ സാധിച്ച കുട്ടികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ;

(ബി) ഉണ്ട്.
പ്രസ്തുത പദ്ധതി പ്രകാരം ഈ അധ്യയന വർഷം സ്കൂളുകളിൽ എത്തിക്കുവാൻ സാധിച്ച കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | എം.എച്ച്.ആർ.ഡി അംഗീകരിച്ച ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ എണ്ണം (2018- 19) | സ്കൂളുകളിൽ എത്തിക്കുവാൻ സാധിച്ച കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 10 | 0 |
| 2 | കൊല്ലം | 16 | 0 |
| 3 | പത്തനംതിട്ട | 17 | 6 |
| 4 | ആലപ്പുഴ | 0 | 0 |
| 5 | കോട്ടയം | 22 | 0 |
| 6 | ഇടുക്കി | 1191 | 988 |
| 7 | എറണാകുളം | 1032 | 878 |
| 8 | തൃശ്ശൂർ | 213 | 0 |
| 9 | പാലക്കാട് | 21 | 0 |
| 10 | മലപ്പുറം | 191 | 0 |
| 11 | കോഴിക്കോട് | 0 | 0 |
| 12 | വയനാട് | 1232 | 1179 |
| 13 | കണ്ണൂർ | 50 | 38 |
| 14 | കാസറഗോഡ് | 7 | 0 |

(സി) ഇപ്രകാരം പഠനം ഇടക്കുവച്ച് നിർത്തുന്ന കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) 2018-19 അധ്യയന വർഷത്തിൽ പഠനം ഇടക്ക് വച്ച് നിർത്തിയ കുട്ടികളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.

(ഡി) ഇവർ പഠനം ഇടക്കുവച്ച് നിർത്തുവാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഡി) സംസ്ഥാനത്ത് സ്കൂളുകളിൽ നിന്നും പഠനം നിർത്തി(ഡ്രോപ്പ് ഔട്ട്) കൊഴിഞ്ഞുപോകുന്ന കുട്ടികളെ സംബന്ധിച്ച്, 2017-18 വർഷം വിദ്യാഭ്യാസ വകുപ്പ് നടത്തിയ പഠനത്തിൽ ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.



സെക്ഷൻ ഓഫീസർ

നിയമസഭാചോദ്യം

## NUMBER OF DROP OUT STUDENTS ALL COMMUNITIES (Standard Wise) 2018-19

| DIST | I | | II | | III | | IV | | V | | VI | | VII | | VIII | | IX | | X | | TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G | T |
| TVM | 18 | 27 | 24 | 25 | 30 | 22 | 21 | 11 | 14 | 5 | 10 | 7 | 17 | 12 | 14 | 13 | 29 | 18 | 46 | 14 | 223 | 154 | 377 |
| KLM | 6 | 12 | 19 | 15 | 15 | 15 | 11 | 11 | 4 | 6 | 2 | 3 | 7 | 3 | 2 | 2 | 5 | 4 | 6 | 11 | 77 | 82 | 159 |
| PTA | 3 | 1 | 7 | 1 | 0 | 1 | 4 | 0 | 2 | 0 | 0 | 0 | 0 | 0 | 1 | 1 | 3 | 2 | 2 | 1 | 22 | 7 | 29 |
| ALP | 1 | 3 | 5 | 2 | 3 | 0 | 0 | 0 | 1 | 0 | 1 | 0 | 2 | 0 | 1 | 1 | 4 | 0 | 7 | 2 | 25 | 8 | 33 |
| KTM | 12 | 6 | 13 | 4 | 2 | 6 | 6 | 2 | 3 | 3 | 6 | 1 | 4 | 0 | 13 | 2 | 20 | 2 | 13 | 8 | 92 | 34 | 126 |
| IDY | 19 | 14 | 31 | 22 | 23 | 17 | 18 | 11 | 8 | 9 | 5 | 5 | 19 | 6 | 8 | 5 | 31 | 16 | 52 | 17 | 214 | 122 | 336 |
| EKM | 39 | 47 | 50 | 25 | 31 | 26 | 25 | 16 | 13 | 17 | 22 | 14 | 15 | 13 | 34 | 12 | 76 | 25 | 90 | 29 | 395 | 224 | 619 |
| TSR | 11 | 4 | 9 | 3 | 14 | 10 | 9 | 2 | 7 | 6 | 6 | 6 | 2 | 0 | 5 | 2 | 94 | 28 | 29 | 10 | 186 | 71 | 257 |
| PKD | 55 | 55 | 40 | 51 | 25 | 11 | 23 | 20 | 15 | 7 | 20 | 8 | 14 | 6 | 29 | 9 | 41 | 16 | 29 | 17 | 291 | 200 | 491 |
| MPM | 31 | 19 | 15 | 21 | 4 | 6 | 16 | 8 | 20 | 13 | 61 | 20 | 42 | 27 | 55 | 24 | 80 | 49 | 95 | 54 | 419 | 241 | 660 |
| KKD | 17 | 8 | 17 | 12 | 8 | 11 | 12 | 8 | 15 | 4 | 24 | 2 | 13 | 2 | 13 | 3 | 23 | 4 | 22 | 7 | 164 | 61 | 225 |
| WYD | 12 | 10 | 8 | 5 | 3 | 3 | 4 | 4 | 10 | 7 | 14 | 7 | 13 | 14 | 78 | 42 | 159 | 86 | 138 | 67 | 439 | 245 | 684 |
| KNR | 5 | 1 | 23 | 13 | 9 | 1 | 0 | 0 | 3 | 3 | 4 | 4 | 4 | 3 | 18 | 4 | 33 | 21 | 30 | 22 | 129 | 72 | 201 |
| KSD | 23 | 7 | 11 | 14 | 11 | 1 | 8 | 7 | 3 | 0 | 16 | 10 | 23 | 12 | 48 | 5 | 22 | 3 | 40 | 26 | 205 | 85 | 290 |
| TOTAL | 252 | 214 | 272 | 213 | 178 | 130 | 157 | 100 | 118 | 80 | 191 | 87 | 175 | 98 | 319 | 125 | 620 | 274 | 599 | 285 | 2881 | 1606 | 4487 |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്



# സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

## കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും

**പഠന റിപ്പോർട്ട്**

പഠനറിപ്പോർട്ട് തയ്യാറാക്കിയത്

സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്

# സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്
# കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും

*പഠനറിപ്പോർട്ട് തയ്യാറാക്കിയത് :*

സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം

**പ്രൊഫ. സി. രവീന്ദ്രനാഥ്**
**പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി**



# സന്ദേശം

മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളും മികച്ച പഠനാനുഭവവുമായി നമ്മുടെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുമ്പോൾ, അവിടേക്ക് വന്നു ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണവും ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ വളരെക്കുറവെങ്കിലും, കുറച്ചു കുട്ടികൾ ഓരോ വർഷവും നമ്മുടെ പൊതുവിദ്യാലയങ്ങളിൽ നിന്നും പഠനം ഉപേക്ഷിച്ച് കൊഴിഞ്ഞുപോകുന്ന ഒരു പ്രവണത കണ്ടുവരുന്നു. ഇത് രാജ്യത്തുള്ള മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കുറവും വളരെ ചെറിയ തോതിലും ഉള്ളതാണെങ്കിലും ഈ കൊഴിഞ്ഞുപോക്കും നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയിൽ നിന്നും ഇല്ലാതാക്കാൻ നമ്മൾ പ്രതിജ്ഞാബദ്ധരാണ്.

ഈ സന്ദർഭത്തിൽ, പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ഇദംപ്രഥമമായി നടത്തിയ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച പഠനം ഈ കാലഘട്ടത്തിൽ വളരെ പ്രസക്തമാണ്. സാമൂഹിക സേവനരംഗത്ത് പ്രവർത്തിക്കുന്ന നിരവധിയായ സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾക്ക് തങ്ങളുടെ പ്രവർത്തനമേഖലയിൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചുകൊണ്ട് കൊഴിഞ്ഞുപോക്കിന് അറുതിവരുത്തുവാനും നമ്മുടെ കുരുന്നുകളുടെ വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കുവാനും ഈ പഠന റിപ്പോർട്ട് ഉപകരിക്കുമെന്ന് ഞാൻ കരുതുന്നു.

ഈ പഠനത്തിന്റെ രണ്ടാംഘട്ടമായി ജനകീയ പങ്കാളിത്തത്തോടെ നടത്തുന്ന പി.ആർ.എ. പ്രോഗ്രാമുകളിൽ നിന്നും കൊഴിഞ്ഞുപോക്കിനുണ്ടായിട്ടുള്ള കാരണങ്ങൾക്ക് നല്ല നിർദ്ദേശങ്ങൾ അടങ്ങിയ പരിഹാരമാർഗ്ഗങ്ങൾ ഉരുത്തിരിയട്ടെയെന്ന് ആശംസിക്കുന്നു.

**സി. രവീന്ദ്രനാഥ്**

എ. ഷാജഹാൻ ഐ.എ.എസ്.
ഗവൺമെന്റ് സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ്



# സന്ദേശം

പൊതുവിദ്യാലയങ്ങളിലേക്കു കൂടുതൽ കുട്ടികളെ ആകർഷിക്കാനും വിദ്യാർത്ഥികളുടെ പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സർക്കാർ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി നിരവധി പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി അനേകം പദ്ധതികൾ ആസൂത്രണം ചെയ്യുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യുന്നു. രാജ്യത്ത് കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളമെങ്കിലും വളരെ ചെറിയതോതിലുള്ള കൊഴിഞ്ഞുപോക്ക് ഇപ്പോഴും ചില മേഖലകളിൽ നിലവിലുണ്ട്. ഈ അവസരത്തിൽ കുട്ടികൾ വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോകാനുണ്ടായ കാരണങ്ങളും അതിന്റെ പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടുള്ള പഠനം വളരെ ശ്ലാഘനീയമാണ്.

കേരളത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ സ്ഥിരമായി കൊഴിഞ്ഞുപോകുന്നത് വയനാട് ജില്ലയിൽ നിന്നുമാണ്. ഈ പഠനത്തിന്റെ ഭാഗമായി വയനാട് ജില്ലയിൽ നിന്നും കൊഴിഞ്ഞുപോയ എല്ലാ കുട്ടികളുടെയും ഭവനങ്ങൾ സന്ദർശിച്ച് കൊഴിഞ്ഞുപോകാനുണ്ടായ കാരണങ്ങൾ കണ്ടെത്താൻ കഴിഞ്ഞ് ഒരളവുവരെ ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്ഥിതിവിവരക്കണക്ക് വിഭാഗം താൽപര്യമെടുത്ത് നടത്തിയ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന പഠന റിപ്പോർട്ട് ഭരണ-കർത്താക്കൾക്ക് പുറമേ പദ്ധതി ആസൂത്രകർ, ഗവേഷകർ, മറ്റ് മേഖലയിലുള്ള സർക്കാർ - സർക്കാരിതര സ്ഥാപനങ്ങൾക്കും പ്രയോജനകരമാകട്ടെയെന്ന് ആശംസിക്കുന്നു.

എ. ഷാജഹാൻ

# ഡ്രോപ്പ്ഔട്ട് സർവ്വേ 2017-18

## മുഖവുര

പൊതുവിദ്യാഭ്യാസ മേഖല പുതിയൊരു ഉണർവ്വിന്റെയും ശാക്തീകരണത്തിന്റെയും പാതയിലൂടെ മുന്നേറുകയാണ്. സംസ്ഥാനത്തെ ഭൂരിപക്ഷം പൊതു വിദ്യാലയങ്ങളും വളരെ ചിട്ടയായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ടെങ്കിലും ഒറ്റപ്പെട്ട ചില പ്രദേശങ്ങളിൽ ഇപ്പോഴും പ്രവർത്തന മികവ് കൈവരിക്കുന്നതിൽ പിന്നോക്കം പോകുന്നതായി കാണുന്നു. ഈ വിദ്യാലയങ്ങളിലെ പഠനവൈകല്യത്തിനു കാരണങ്ങൾ പലതും ചൂണ്ടിക്കാണിക്കാനുണ്ടാവാം. എങ്കിലും ഭൂരിപക്ഷം വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉന്നത നിലവാരത്തിൽ പ്രവർത്തിക്കുന്നതുകൊണ്ടാണ് രാജ്യത്തെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ വന്നു ചേരുന്നതും ഏറ്റവും കുറവ് കൊഴിഞ്ഞുപോക്കും ഉള്ള സംസ്ഥാനമായി കേരളം പരിഗണിക്കപ്പെടുന്നത്. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ 'കൊഴിഞ്ഞുപോക്ക്' താരതമ്യേന വളരെ കുറവാണെങ്കിലും ഈ പ്രവണത ഇല്ലാതാക്കുക എന്നതാണ് ഏറ്റവും പ്രധാന വെല്ലുവിളി. ഈ കാഴ്ചപ്പാടിലാണ് അധ്യയനം ഉപേക്ഷിച്ച് പോയ കുട്ടികളുടെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം മനസ്സിലാക്കി അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിനുള്ള പഠനം നടത്താൻ പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചത്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തെയാണ് ഇതിനായി ചുമതലപ്പെടുത്തിയത്. സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നിരവധി ശില്പശാലകൾ നടത്തിയ ശേഷം പഠനത്തിന് ആവശ്യമായ വിവരങ്ങൾ ഫീൽഡ് സർവ്വേ വഴി ശേഖരിക്കുന്നതിന് ഷെഡ്യൂളുകൾ തയ്യാറാക്കി. പഠനം ഉപേക്ഷിച്ചു പോയ കുട്ടികളുടെ കണക്ക് വിശകലനം ചെയ്തപ്പോൾ ജില്ലാടിസ്ഥാനത്തിൽ സംസ്ഥാന ശരാശരിയേക്കാൾ 5 മടങ്ങ് കൂടുതൽ വയനാട് ജില്ലയിലാണെന്നു കണ്ടെത്തി. ഈ പശ്ചാത്തലത്തിൽ വയനാട് ജില്ലയിലെ പഠനം ഉപേക്ഷിച്ചു പോയ മുഴുവൻ കുട്ടികളുടെ വീടുകളും മറ്റ് ജില്ലകളിൽ നിന്നും 'റാൻഡ'മായി തെരഞ്ഞെടുത്ത 10% കുട്ടികളുടെ വീടുകളും സന്ദർശിച്ച് വിവരശേഖരണം നടത്തി. ഈ പഠനം രണ്ട് ഭാഗങ്ങളായി പൂർത്തീകരിക്കുന്നതിനാൽ ആദ്യ ഭാഗത്ത് പഠനം ഉപേക്ഷിച്ചു പോയ കുട്ടികളുടെ സാമൂഹ്യ പശ്ചാത്തലം കണ്ടെത്തി കാരണങ്ങൾ കണ്ടെത്തുകയും രണ്ടാം ഭാഗത്ത് ഈ കാരണങ്ങൾക്ക് ജനകീയ പങ്കാളിത്തത്തോടെ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനുമാണ് പദ്ധതി തയ്യാറാക്കിയത്. ഈ പഠനത്തിന്റെ ആദ്യഭാഗം പൂർത്തീകരിക്കുക എന്നത് ഏറ്റവും ശ്രമകരമായ പ്രവൃത്തിയായിരുന്നുവെങ്കിലും ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സർവ്വേയ്ക്കുവേണ്ടി ഫീൽഡുതലത്തിൽ പ്രവർത്തിച്ച അധ്യാപകർ, ജില്ലാതല സൂപ്പർവൈസർമാർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ എന്നിവരെ

പ്രത്യേകം അഭിനന്ദിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മുൻകൈയെടുത്ത് നാളിതുവരെയും പഠനത്തിനു വിധേയമാക്കിയിട്ടില്ലാത്ത ഈ വിഷയത്തിൽ പ്രത്യേക താൽപ്പര്യമെടുത്ത് പഠനം നടത്തിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്. ഈ പഠനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ജീവനക്കാരുടെ സേവനത്തെ ഈ അവസരത്തിൽ പ്രത്യേകം പ്രശംസിക്കുന്നു.

പഠനത്തിന്റെ രണ്ടാം ഭാഗമായി പഠനം ഉപേക്ഷിച്ചു പോയ കുട്ടികളെ സ്കൂളിൽ തിരികെയെത്തിക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ ജനകീയ പങ്കാളിത്തത്തോടെ ചർച്ച ചെയ്ത് വിശകലനം നടത്തി ശാസ്ത്രീയമായ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് പ്രത്യേകം പ്രസിദ്ധീകരിക്കുന്നതാണ്.

കെ. വി. മോഹൻ കുമാർ ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ

തിരുവനന്തപുരം
30-07-2018

# ഉള്ളടക്കം

*പേജ് നമ്പർ*


| | | |
|---|---|---|
| 1. | ആമുഖം | 11 |
| 2. | ലക്ഷ്യം | 12 |
| 3. | സർവ്വേ പിരീഡും റഫറൻസ് പിരീഡും | 12 |
| 4. | സർവ്വേയുടെ ഉദ്ദേശ്യങ്ങൾ | 12 |
| 5. | സർവ്വേയുടെ സമീപന രീതി | 12 |
| 6. | സർവ്വേ പ്രവർത്തനങ്ങൾ | 13 |
| 7. | ഡാറ്റാ പ്രോസസിംഗ് | 14 |
| 8. | പഠനവുമായി ബന്ധപ്പെട്ട പ്രധാന കണ്ടെത്തലുകൾ | 15 |
| 9. | കൊഴിഞ്ഞുപോയ കുട്ടികളുടെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലം സംബന്ധിച്ച വിവരങ്ങൾ | 19 |
| 10. | കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ | 25 |
| 11. | പരിഹാര നിർദ്ദേശങ്ങൾ - പ്രാഥമിക തലത്തിൽ | 31 |
| 12. | തുടർപഠനം സംബന്ധിച്ച വിവരങ്ങൾ | 34 |
| 13. | സംഗ്രഹം | 35 |
| 14. | സർവ്വേഫലവുമായി ബന്ധപ്പെട്ട പട്ടികകൾ | 36-65 |
| 15. | അനുബന്ധം | 67 |

# വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

## കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച പഠനം

**ആമുഖം**

വിദ്യാഭ്യാസ രംഗത്ത് മാതൃകാപരമായ നേട്ടങ്ങൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം കൈവരിച്ചിട്ടുണ്ടെങ്കിലും ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇനിയും കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനുണ്ട്. രാജ്യത്ത്, പൊതുവിദ്യാഭ്യാസ രംഗത്ത് കുട്ടികളുടെ എൻറോൾമെന്റ് ഏറ്റവും കൂടുതലുള്ളതും, ഡ്രോപ്പ്ഔട്ട് ഏറ്റവും കുറവുള്ളതുമായ സംസ്ഥാനം കേരളമാണ്. കേരളത്തിൽ എൻറോൾമെന്റ് ഏകദേശം 100% വും ഡ്രോപ്പ് ഔട്ട് 0.2% വുമാണ്.

വിദ്യാഭ്യാസ അവകാശ നിയമം-2009 അനുസരിച്ച് 14 വയസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും രാജ്യത്ത് പ്രാഥമിക വിദ്യാഭ്യാസം സൗജന്യവും നിർബന്ധവുമാണ്, ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തും ഓരോ കുട്ടിക്കും പ്രാഥമിക വിദ്യാഭ്യാസം ശരിയായവണ്ണം നൽകേണ്ടത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയാണ്. അതിനാൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന കാലത്തോ തുടർന്നുള്ള അദ്ധ്യയന കാലത്തോ കൊഴിഞ്ഞുപോകുന്നത് ഇല്ലാതാക്കുന്നതിന് വകുപ്പ് പ്രത്യേകം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇങ്ങനെ പലതരത്തിലുള്ള പദ്ധതികൾ നിരന്തരമായി നടപ്പിലാക്കിയതിന്റെ ഫലമായിട്ടാണ് കുട്ടികളുടെ കൊഴിഞ്ഞുപോക്ക് രാജ്യത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കുറവ് കേരളത്തിലാകാനുള്ള കാരണം. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് വളരെ കുറവാണെങ്കിലും ഇത് പൊതുവിദ്യാഭ്യാസ രംഗത്ത് ഇല്ലാതാക്കുന്നതിന് ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പരിഹാരങ്ങൾ കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് പഠനം നടത്തുന്നതിന് വിശദമായ പ്രപ്പോസൽ സർക്കാരിനു സമർപ്പിക്കുകയും തുടർന്ന് പഠനത്തിന് സർക്കാരിൽ നിന്ന് അനുമതി ലഭിക്കുകയും ചെയ്തു.

പഠനത്തിന്റെ ഭാഗമായി, സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനെ സംബന്ധിച്ച് കഴിഞ്ഞ 10 വർഷത്തെ സ്ഥിതിവിവരകണക്കുകൾ ജില്ലാതലത്തിൽ വിശകലനം ചെയ്തപ്പോൾ, വയനാട് ജില്ലയിൽ കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ എണ്ണം ഓരോ വർഷവും സംസ്ഥാന ശരാശരിയേക്കാൾ അഞ്ചിരട്ടിയാണെന്ന് കണക്കാ

ക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വയനാട്ടിലെ എല്ലാ കൊഴിഞ്ഞുപോയ കുട്ടികളുടെയും കുടുംബങ്ങൾ സന്ദർശിച്ചും മറ്റു ജില്ലകളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട 10% കുട്ടികളുടെ കുടുംബങ്ങൾ സന്ദർശിച്ചും സമഗ്രവിവരശേഖരണം നടത്തിയാണ് ഈ പഠന റിപ്പോർട്ട് തയ്യാറാക്കിയത്.

**ലക്ഷ്യം:**

സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ കണ്ടെത്തി അത് ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിനു സമർപ്പിക്കുക.

**സർവ്വേ പീരീഡും റഫറൻസ് പീരീഡും**

ഈ സർവ്വേക്കു വേണ്ടി വിവരശേഖരണം നടത്തിയത് 2016-17 വർഷത്തെ കൊഴിഞ്ഞു പോയ കുട്ടികളെ ആധാരമാക്കി 2017 ഡിസംബർ മാസ കാലയളവിലാണ്. അതിനാൽ 2016-17 നെ റഫറൻസ് പീരീഡായും 2017 ഡിസംബർ മാസത്തിനെ സർവ്വേ പീരീഡായും കണക്കാക്കുന്നു.

**ഉദ്ദേശ്യങ്ങൾ**

- 2016-17 അദ്ധ്യയന വർഷം കൊഴിഞ്ഞുപോയ കുട്ടികളുടെ കുടുംബങ്ങൾ നേരിട്ട് സന്ദർശിച്ച് കൊഴിഞ്ഞുപോകാനുണ്ടായ കാരണങ്ങൾ തേടുക.
- കൊഴിഞ്ഞുപോയ കുട്ടികളുടെ രക്ഷിതാക്കളുടെ തൊഴിൽ, വിദ്യാഭ്യാസം എന്നിവയുൾപ്പെടെയുള്ള കുടുംബത്തിന്റെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലത്തെ കുറിച്ചുള്ള സമഗ്ര വിവരശേഖരണം നടത്തുക.
- കൊഴിഞ്ഞുപോക്ക് തടയുന്നതിനായി വിദ്യാഭ്യാസ വകുപ്പും മറ്റിതര സർക്കാർ വകുപ്പുകളും നടപ്പിലാക്കിയ പദ്ധതികളുടെ പ്രതിഫലനം വിലയിരുത്തുക.
- സ്കൂളിൽ നിന്നും കുട്ടികൾ പഠനം നിർത്തി പോകാതിരിക്കാൻ സഹായകരമായ നടപടികൾ എടുക്കുന്നതിനു സമൂഹത്തിൽ അവബോധം സൃഷ്ടിക്കുക.
- കൊഴിഞ്ഞുപോക്കില്ലാതാക്കുന്നതിനുള്ള ക്രിയാത്മകമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

## സർവ്വേയുടെ സമീപന രീതി

കേരളത്തിലെ വിവിധ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോയ കുട്ടികളെ സംബന്ധിച്ച് പഠനം നടത്തുന്നതിന് കൊഴിഞ്ഞുപോയ കുട്ടികളുടെ മേൽവിലാസം 14 ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരിൽ നിന്നും ശേഖരിച്ചു. കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ എണ്ണം ജില്ലാതലത്തിൽ വിശകലനം ചെയ്യുമ്പോൾ വയനാട് ജില്ല

യിൽ സംസ്ഥാന ശരാശരിയേക്കാൾ അഞ്ചിരട്ടിയാണെന്ന് കണക്കാക്കിയതിനാൽ വയനാട് ജില്ലയിലെ കൊഴിഞ്ഞുപോയ എല്ലാ കുട്ടികളുടെയും കുടുംബങ്ങളെയും മറ്റു ജില്ലകളിലെ തെരെഞ്ഞെടുക്കപ്പെട്ട 10% കുട്ടികളുടെ കുടുംബങ്ങളെയും സർവ്വെയുടെ പരിധിയിൽ ഉൾപ്പെടുത്തി. 100% സർവ്വേ നടത്താൻ നിശ്ചയിച്ചിരുന്ന വയനാട് ജില്ലയിൽ 2016-17 അദ്ധ്യയന വർഷം ആകെ കൊഴിഞ്ഞുപോയത് 1298 കുട്ടികളാണെങ്കിലും ഇതിൽ 1121 കുട്ടികളെ മാത്രമേ കണ്ടെത്താൻ കഴിഞ്ഞുള്ളൂ. ശേഷിക്കുന്ന 177 കുട്ടികളെ താഴെ പറയുന്ന നിരവധിയായ കാരണങ്ങളാൽ കണ്ടെത്താൻ കഴിയാതെ വന്നിട്ടുണ്ട്.

1. അന്യസംസ്ഥാന തൊഴിലാളികളുടെ മക്കൾ
2. താൽക്കാലികമായി വാടകവീടുകളിൽ താമസിച്ചിരുന്നവർ
3. ചില അനാഥാലയങ്ങളിൽ നിന്നും ഇതരസംസ്ഥാന കുട്ടികളെ തിരിച്ചയച്ചത്
4. തൊഴിൽ ആവശ്യാർത്ഥം ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് സ്ഥലംമാറിപ്പോയ കുടുംബങ്ങളിലെ കുട്ടികൾ.

10% കുട്ടികളെ വീതം സർവ്വേക്കായി തിരഞ്ഞെടുത്ത മറ്റ് ജില്ലകളിലും ഇത്തരത്തിൽ കണ്ടെത്താൻ കഴിയാത്ത കുട്ടികൾ ഉണ്ടായിരുന്നുവെങ്കിലും റിസർവ്വ് ലിസ്റ്റിൽ നിന്നും പകരക്കാരെ കണ്ടെത്തി 10% പൂർത്തീകരിക്കുവാൻ കഴിഞ്ഞു.

സർവ്വേക്കായി ആകെ തിരഞ്ഞെടുത്ത കുട്ടികളിൽ 55% പേർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരും 6% പേർ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരും 30% പേർ മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നവരുമായിരുന്നു. മറ്റുള്ളവർ 9% ആയിരുന്നു.

കൊഴിഞ്ഞുപോയ കുട്ടികളുടെ കുടുംബങ്ങൾ സന്ദർശിച്ച് സമഗ്രമായ വിവരശേഖരണം നടത്തുന്നതിനാവശ്യമായ ചോദ്യാവലി ശിൽപ്പശാലകൾ നടത്തി രൂപകല്പന ചെയ്യുകയും സർവ്വേയുടെ മേൽനോട്ടം വഹിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ വകുപ്പ് തലത്തിൽ ഒരു ഉന്നത സാങ്കേതിക ഉപദേശക സമിതി രൂപീകരിക്കുകയും ചെയ്തു. ഫീൽഡുതല വിവരശേഖരണം നടത്തുന്നതിന് എന്യൂമറേറ്റർമാരായി സ്കൂളുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകരുടെ സേവനമാണ് വിനിയോഗിച്ചത്.

## സർവ്വേ പ്രവർത്തനങ്ങൾ

ഫീൽഡുതല സർവ്വേയുടെ പ്രവർത്തനോദ്ഘാടനം 2017 നവംബർ 27 ന് വയനാട് കൽപ്പറ്റ എസ്.കെ.എം.ജെ.എച്ച്.എസ്.ൽ വച്ച് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി


പ്രൊഫ. സി. രവീന്ദ്രനാഥ് അവർകൾ നിർവ്വഹിച്ചു. തുടർന്ന് കാസറഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിന്നുള്ള എന്യൂമറേറ്റർമാർക്കുള്ള പരിശീലനവും അന്നേ ദിവസം നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ നിന്നുമുള്ള എന്യൂമറേറ്റർമാർക്കുള്ള പരിശീലനം 2017 നവംബർ 30 ന് എറണാകുളം എസ്.ആർ.വി. എച്ച്.എസ്. ൽ വച്ചും നൽകി. സർവ്വേയുടെ ഭാഗമായി കൊഴിഞ്ഞുപോയ 100% കുട്ടികളുടെയും കുടുംബങ്ങൾ സന്ദർശിക്കേണ്ട വയനാട് ജില്ലയിൽ സർവ്വേ ചെയ്യേണ്ട കുട്ടികളുടെ കുടുംബങ്ങളെ പ്രാദേശികമായ ചെറുഗ്രൂപ്പുകളാക്കി തിരിച്ചു ഓരോ ഗ്രൂപ്പിനും പ്രാദേശികമായ അറിവും പരിചയസമ്പത്തുമുള്ള അദ്ധ്യാപകരെയാണ് എന്യൂമറേറ്റർമാരായി നിയമിച്ചത്. ഇത്തരത്തിൽ വയനാട് ജില്ലയിൽ മാത്രം 26 അദ്ധ്യാപകരെയും മറ്റ് 13 ജില്ലകളിലുമായി 47 അദ്ധ്യാപകരെയും ഉൾപ്പെടെ ആകെ 73 അദ്ധ്യാപകരെയാണ് നിർദ്ധിഷ്ട പ്രഫോർമയിൽ ഫീൽഡുതല വിവരശേഖരണത്തിനായി നിയോഗിച്ചത്. തുടർന്നു 2017 ഡിസംബർ 1 മുതൽ 30 വരെയുള്ള കാലയളവിൽ സാദ്ധ്യായ ദിവസങ്ങൾ ഒഴികെയുള്ള ദിനങ്ങളിൽ എന്യൂമറേറ്റർമാർ സർവ്വേക്കായി തെരഞ്ഞെടുത്ത ഓരോ കുട്ടിയുടെയും കുടുംബങ്ങൾ സന്ദർശിച്ച് വിവരശേഖരണം നടത്തി. ഫീൽഡുതലത്തിൽ സർവ്വേയുടെ പ്രവർത്തനം സൂപ്പർവൈസ് ചെയ്യുന്നതിന് ജില്ലാതല ഓഫീസർമാരെയും സംസ്ഥാനതലത്തിൽ സർവ്വെയുടെ പ്രവർത്തനം സൂപ്പർവൈസ് ചെയ്യുന്നതിനും അവലോകനം ചെയ്യുന്നതിനും സംസ്ഥാനതല ഓഫീസർമാരെയും ചുമതലപ്പെടുത്തിയിരുന്നു. സർവ്വേക്കായി തെരെഞ്ഞെടുത്ത കുട്ടികളുടെ കുടുംബങ്ങളിൽ, ജില്ലാതലത്തിൽ 5% വും സംസ്ഥാനതലത്തിൽ 2% വും ജില്ലാ-സംസ്ഥാന ഓഫീസർമാർ ഫീൽഡുതല സൂക്ഷ്മപരിശോധന നടത്തുകയും ചെയ്തു.

## ഡാറ്റാ പ്രോസസിംഗ്

ഫീൽഡുതല വിവരശേഖരണം 2017 ഡിസംബർ 31 ന് പൂർത്തീകരിക്കുകയും ജില്ലകളിൽ നിന്നും ഷെഡ്യൂളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിനു ശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ 2018 ജനുവരി 15 ന് മുമ്പായി ലഭിക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാനതലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഷെഡ്യൂളുകൾ സ്ക്രൂട്ടനി ചെയ്ത് ഡാറ്റാ എൻട്രി ചെയ്യുന്നതിനു വേണ്ടി സജ്ജീകരിക്കുകയും ചെയ്തു. ഡാറ്റാ എൻട്രി ചെയ്യുന്നതിനും തുടർന്ന് പ്രോസസ് ചെയ്യുന്നതിനും ആവശ്യമായ ഓൺലൈൻ സോഫ്റ്റ് വെയർ തയ്യാറാക്കിയത് പൊതുവിദ്യാഭ്യാസ വകുപ്പിലെ കൈറ്റ് ആണ്.

## പഠനവുമായി ബന്ധപ്പെട്ട പ്രധാന കണ്ടെത്തലുകൾ


2016-17 അദ്ധ്യയന വർഷം കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിൻ കീഴിൽ വരുന്ന സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് (അംഗീകൃതം) വിദ്യാലയങ്ങളിലെ ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിലായുള്ള കുട്ടികളുടെ ആകെ എണ്ണം 37,02,820 ആയിരുന്നു. ടി അദ്ധ്യയന വർഷം ഇവരിൽ പഠനം നിർത്തി കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം 7263 (0.2%) ആണ്. കൊഴിഞ്ഞുപോയ കുട്ടികളുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ പറയുന്ന ഗ്രാഫിൽ രേഖപ്പെടുത്തിയ പ്രകാരമാണ്.




ജില്ല തിരിച്ച് ഏറ്റവും കൂടുതൽ കുട്ടികൾ കൊഴിഞ്ഞുപോയത് വയനാടും ഏറ്റവും കുറവ് പത്തനംതിട്ടയുമാണ്. ആകെ കൊഴിഞ്ഞുപോയ കുട്ടികളിൽ 66% ശതമാനം ആൺകുട്ടികളും 34% പെൺകുട്ടികളുമാണ്.

ഓരോ ക്ലാസ്സിൽ നിന്നും കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം വിശദമായി പരിശോധിച്ചതിൽ, സംസ്ഥാനതലത്തിൽ ഏറ്റവും അധികം കുട്ടികൾ കൊഴിഞ്ഞുപോയത് ഒമ്പതാം ക്ലാസ്സിൽ പഠിച്ചിരുന്നവരാണ്. തൊട്ടടുത്ത് പത്താം ക്ലാസ്സിൽ പഠിച്ചിരുന്നവരായി

രുന്നു. ക്ലാസ്സ് തിരിച്ചുള്ള കൊഴിഞ്ഞുപോയ കുട്ടികളുടെ കണക്ക് താഴെപ്പറയുന്ന ഗ്രാഫിൽ രേഖപ്പെടുത്തുന്നു.





ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ എന്നീ തലങ്ങളിൽ കൊഴിഞ്ഞു പോയ കുട്ടികളുടെ എണ്ണത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ കൊഴിഞ്ഞുപോയത് ഹൈസ്കൂൾ തലത്തിലാണ് (8 മുതൽ 10 വരെ ക്ലാസ്സുകൾ). അതായത് ആകെ കൊഴി ഞ്ഞുപോയ കുട്ടികളിൽ 29% എൽ.പി. തലത്തിലും, 16% പേർ യു.പി. തലത്തിലും 55% പേർ ഹൈസ്കൂൾ തലത്തിലുമുള്ളവരാണ്.



എൽ.പി. തലത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ കൊഴിഞ്ഞുപോയത് പാലക്കാട് (239) ജില്ലയിലും,യു.പി. തലത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ കൊഴിഞ്ഞു പോയത് വയനാട് (191) ജില്ലയിലുമാണ്. ഹൈസ്കൂൾ തലത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ കൊഴിഞ്ഞുപോയത് വയനാട് (933) ജില്ലയിലാണ്. തുടർന്ന് പാലക്കാട് (519), ഇടുക്കി (370), കാസർകോഡ് (341), കണ്ണൂർ (333) ജില്ലകളാണ്. എന്നാൽ ഹൈസ്കൂൾ തലത്തിൽ ഒരു കുട്ടി പോലും കൊഴിഞ്ഞുപോയിട്ടില്ലാത്തത് കൊല്ലം ജില്ലയിലാണ്.

സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് (അംഗീകൃതം) മേഖലയിൽ നിന്നുമുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് യഥാക്രമം 48%, 50% 2% എന്നീ ക്രമത്തിലാണ്.





സർക്കാർ സ്കൂളുകളിൽ നിന്നും ഏറ്റവും കൂടുതൽ കുട്ടികൾ കൊഴിഞ്ഞുപോയത് വയനാടും (992) ഏറ്റവും കുറവ് കൊല്ലം ജില്ലയിലുമാണ് (26). വയനാട് ജില്ലയിൽ നിന്നും കൊഴിഞ്ഞുപോയ ആകെ കുട്ടികളിൽ 76% വും സർക്കാർ വിദ്യാലയങ്ങളിൽ നിന്നുമാണ്.

എയ്ഡഡ് സ്കൂളുകളിൽ ഏറ്റവും കൂടിയ കൊഴിഞ്ഞുപോക്ക് രേഖപ്പെടുത്തിയത് പാലക്കാട് (580) ജില്ലയിലും ഏറ്റവും കുറവ് പത്തനംതിട്ട (20) ജില്ലയിലുമാണ്.

അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നും പൊതുവെ കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ എണ്ണം കുറവാണ് എന്നിരുന്നാലും ഏറ്റവും കൂടുതൽ കുട്ടികൾ കൊഴിഞ്ഞു പോയത് തിരുവനന്തപുരം ജില്ലയിൽ നിന്നുമാണ് (34). എന്നാൽ ആലപ്പുഴ, പത്തനംതിട്ട, കോഴിക്കോട് ജില്ലകളിൽ നിന്നും ഒരു കുട്ടി പോലും ഈ മേഖലയിൽ കൊഴിഞ്ഞുപോയിട്ടില്ല.

കൊഴിഞ്ഞു പോയ കുട്ടികളിൽ 11% പട്ടികജാതി വിഭാഗത്തിലും 23% പട്ടിക വർഗ്ഗ വിഭാഗത്തിലും 66% മറ്റു വിഭാഗത്തിലുമുള്ളവരാണ്.

**കൊഴിഞ്ഞുപോയ കുട്ടികളുടെ ജാതിതിരിച്ചുള്ള കണക്കുകൾ**




എസ്. സി. വിഭാഗത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ കൊഴിഞ്ഞുപോയത് പാലക്കാട് ജില്ലയിലും എസ്.ടി. വിഭാഗത്തിൽ വയനാട് ജില്ലയിലുമാണ്. വയനാട് ജില്ലയിൽ കൊഴിഞ്ഞുപോയ കുട്ടികളിൽ 79% വും എസ്.ടി. വിഭാഗത്തിൽ നിന്നാണ്.

# സർവ്വേയിലൂടെ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശകലനം

## I. കൊഴിഞ്ഞുപോയ കുട്ടികളുടെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം

2016-17 അദ്ധ്യയന വർഷം സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോയ കുട്ടികളെ സംബന്ധിച്ചു പഠനം നടത്തുന്നതിന്റെ ഭാഗമായി കൊഴിഞ്ഞുപോയ കുട്ടിയുടെ കുടുംബത്തെ സംബന്ധിച്ച സാമൂഹികവും സാമ്പത്തികവുമായ പശ്ചാത്തലവും കൊഴിഞ്ഞുപോക്കിലേക്ക് നയിച്ച കാരണങ്ങളും ശേഖരിക്കുന്നതിന് വിശദമായ ഷെഡ്യൂൾ തയ്യാറാക്കിയിരുന്നു. (ഷെഡ്യൂൾ അനുബന്ധമായി ചേർത്തിരിക്കുന്നു.) ഇതിന്റെ അടിസ്ഥാനത്തിൽ ശേഖരിച്ച വിവരങ്ങളും അതിന്റെ വിശകലനവും താഴെകൊടുത്തിരിക്കുന്നു.

### 1. കൊഴിഞ്ഞുപോയ കുട്ടികളുടെ വാസസ്ഥലം

കൊഴിഞ്ഞുപോയ കുട്ടികളുടെ വാസസ്ഥലം സംബന്ധിച്ച പഠനം വെളിപ്പെടുത്തിയത്, വയനാട് ജില്ലയിൽ നിന്നും കൊഴിഞ്ഞുപോയ കുട്ടികളിൽ 55 ശതമാനവും കോളനി പ്രദേശങ്ങളിൽ നിന്നുള്ളവരാണ്. ശേഷിക്കുന്നവരിൽ 5% പ്രാക്തന ഗോത്ര വർഗ്ഗ ഊരുകളിൽ നിന്നുള്ളവരും 30% സാധാരണയായ ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ളവരും 10% പേർ മറ്റ് പ്രദേശങ്ങളിൽ താമസിക്കുന്നവരുമായിരുന്നു. മറ്റ് ജില്ലകളിലെ കൊഴിഞ്ഞുപോയ കുട്ടികളിലും ബഹുഭൂരിപക്ഷവും കോളനി നിവാസികളും സാധാരണ ഗ്രാമപ്രദേശങ്ങളിൽ വസിക്കുന്നവരുമാണ്. എന്നാൽ തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ പട്ടണ പ്രദേശത്ത് താമസിക്കുന്നവരും കൊഴിഞ്ഞുപോക്കിൽപ്പെട്ടതായി കാണാൻ കഴിഞ്ഞിട്ടുണ്ട്.

### 2.കുടുംബത്തിന്റെ വലിപ്പം (അംഗങ്ങളുടെ എണ്ണം)

കൊഴിഞ്ഞുപോയ കുട്ടികളുടെ കുടുംബത്തിന്റെ വലിപ്പം, കൊഴിഞ്ഞുപോക്കിനെ സ്വാധീനിക്കുന്നുണ്ടോ എന്ന അന്വേഷണത്തിൽ, ആകെ സർവ്വെ നടത്തിയ കുടുംബങ്ങളിൽ 74 ശതമാനം കുടുംബങ്ങളിലും 3 മുതൽ 5 വരെ അംഗങ്ങളും 23% കുടുംബങ്ങളിൽ 6 മുതൽ 8 വരെ അംഗങ്ങളും 3% കുടുംബങ്ങളിൽ 9 ൽ അധികം അംഗങ്ങളും ഉണ്ട്. എന്നാൽ വയനാട് ജില്ലയിൽ 8 മുതൽ 12 വരെയോ അതിലധികമോ അംഗങ്ങളുള്ള 8% കുടുംബങ്ങളുണ്ട്.

സർവ്വേയുടെ ഭാഗമായി വിവരശേഖരണം നടത്തിയ വയനാട് ജില്ലയിൽ ചില പട്ടിക വർഗ്ഗ കോളനി കുടുംബങ്ങളിൽ 15 ലധികം അംഗസംഖ്യയുള്ളതായി കാണുകയും ഇവരിൽ ആരും തന്നെ സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ചില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്.

ഏകദേശം 75% കൊഴിഞ്ഞുപോയ കുട്ടികളുടെ കുടുംബത്തിലെയും പ്രതിമാസ വരുമാനം 3000 രൂപയിൽ താഴെയാണ്. കുടുംബത്തിലെ അംഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവും ഒരളവുവരെ കൊഴിഞ്ഞു പോക്കിനെ സ്വാധീനിക്കുന്നു.

3. രക്ഷിതാക്കളുടെ വിദ്യാഭ്യാസ യോഗ്യത

കൊഴിഞ്ഞു പോയ കുട്ടികളുടെ രക്ഷിതാക്കളിൽ 28% പേരുടെ പിതാവും 31% പേരുടെ മാതാവും നിരക്ഷരരാണ്. കൂടാതെ പിതാക്കൻമാരിൽ 48% വും മാതാക്കളിൽ 42% പ്രൈമറി വിദ്യാഭ്യാസം മാത്രമുള്ളവരാണ്.

വിദ്യാഭ്യാസം നേടിയ സഹോദരങ്ങളുടെ യോഗ്യത പരിഗണിച്ചതിൽ 54% പ്രൈമറി വിദ്യാഭ്യാസം നേടിയവരും 21% സെക്കന്ററി വിദ്യാഭ്യാസം നേടിയവരും 16% ഹയർസെക്കന്ററി വിദ്യാഭ്യാസ യോഗ്യതയുള്ളവരും 6% ബിരുദ യോഗ്യതയുള്ളവരും ആണെന്ന് കാണുവാൻ കഴിഞ്ഞു. 3% സഹോദരങ്ങൾ നിരക്ഷരരായിരുന്നു.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളുടെ നിരക്ഷരത, സഹോദങ്ങളിൽ ഉയർന്ന വിദ്യാഭ്യാസം നേടിയവരുടെ അഭാവം എന്നിവ ഒരു പരിധി വരെ കുട്ടികളുടെ കൊഴിഞ്ഞു പോക്കിന് കാരണമാകുന്നു.

4. രക്ഷിതാക്കളുടെ തൊഴിൽ

കൊഴിഞ്ഞു പോയ കുട്ടികളുടെ രക്ഷിതാക്കളിൽ, സംസ്ഥാനതലത്തിൽ 62% പേരുടെ പിതാക്കൻമാരും 43% മാതാക്കളും കൂലിപ്പണിക്കാരാണ്.

കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരും പ്രകൃതി വിഭവങ്ങൾ ശേഖരിച്ചു ഉപജീവനം നടത്തുന്നവരും, കുലത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായ ഒരു ചെറിയ ശതമാനം രക്ഷിതാക്കളുടെ കുട്ടികളും കൊഴിഞ്ഞുപോയവരിൽ ഉൾപ്പെടുന്നുണ്ട്. കൊഴിഞ്ഞുപോയ കുട്ടികളിൽ, ആരോഗ്യപ്രശ്നം കാരണം തൊഴിൽ ചെയ്യാൻ പറ്റാത്ത രക്ഷിതാക്കൾ ഉള്ളത് ഒരു ശതമാനം പേർക്കാണ്. എന്നാൽ സ്ഥിരമായി ജോലിയുള്ള ഏതാനും മാതാപിതാക്കളുടെ കുട്ടികളും കൊഴിഞ്ഞു പോയവരിൽ ഉൾപ്പെടുന്നു.

കുടുംബത്തെ സഹായിക്കുന്നതിനായി ഏതെങ്കിലും തരത്തിലുള്ള പ്രവൃത്തിയിൽ ഏർപ്പെടുന്നതിന് പ്രത്യേക നൈപുണ്യം ആവശ്യമുള്ള പ്രവർത്തന മേഖലയിലും, അർദ്ധ നൈപുണ്യ പ്രവർത്തന മേഖലയിലും പ്രവർത്തിക്കുന്നവരുടെ എണ്ണം തുലോം കുറ വാണ്. പ്രത്യേകം നൈപുണ്യം ആവശ്യമില്ലാത്തതും എന്നാൽ സ്ഥിരമായി വരുമാനം ലഭിക്കുന്നതുമായ പ്രവർത്തികളിൽ ഏർപ്പെടുന്നവരാണ് 7% പേരെങ്കിലും വയനാട് ജില്ല യിൽ ഉണ്ടായിരുന്നുവെങ്കിലും പ്രത്യേകിച്ച് ഒരു പ്രവർത്തിയിലും ഏർപ്പെടാതെയുള്ളവ രാണ് കൊഴിഞ്ഞുപോയ കുട്ടികളിൽ 76 ശതമാനവും. എന്നാൽ വയനാട് ജില്ലയിൽ 10% പേർ രക്ഷിതാക്കളെ അവരുടെ തൊഴിലിൽ സഹായിക്കുന്നവരാണ്. ഇടുക്കി, എറണാ കുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർകോഡ് എന്നീ ജില്ലകളിൽ നിന്നും കൊഴി ഞ്ഞുപോയ കുട്ടികളിലും ഒരു വളരെ ചെറിയ ശതമാനം കുട്ടികൾ രക്ഷിതാക്കളെ അവ രുടെ തൊഴിലിൽ സഹായിക്കുന്നു.

5. കുടുംബത്തിന്റെ പ്രതിമാസ വരുമാനം

കൊഴിഞ്ഞുപോയ കുട്ടികളുടെ കുടുംബത്തിലെ രക്ഷിതാക്കളിൽ 63% പേരു ടെയും പ്രതിമാസ വരുമാനം, ഭക്ഷണത്തിനും മറ്റ് ദൈനംദിന ചിലവുകളും കഴിഞ്ഞാൽ കിട്ടുന്ന തുക, കേവലം 1000 രൂപയിൽ താഴെയാണ്.

## II. കൊഴിഞ്ഞുപോയ കുട്ടികളുടെ കുടുംബപശ്ചാത്തലം

1. കുട്ടിയുടെ സംരക്ഷണം

കൊഴിഞ്ഞുപോയ കുട്ടികളിൽ 81% പേരും മാതാപിതാക്കളോടൊപ്പവും 5% പേർ ബന്ധുക്കളുടെയും, 14% പേർ മാതാപിതാക്കളോ, ബന്ധുക്കളോ അല്ലാത്തവരുടെ സംരക്ഷണയിലും വളരുന്നു.

2. വീടിന്റെ അവസ്ഥ

കൊഴിഞ്ഞു പോയ കുട്ടികളിൽ 13% പേരും സ്വന്തമായി വീടില്ലാത്തവരാണ്. വീടുള്ളവരിൽ 20% വും കച്ചാ വീടുകളിലാണ് താമസം.

3. വീട് വൈദ്യുതീകരണം

കൊഴിഞ്ഞുപോയ കുട്ടികളിൽ 92% പേരുടെ വീടുകൾ വൈദ്യുതീകരിച്ചതും 8% പേരുടെ വീടുകൾ വൈദ്യുതീകരിക്കാത്തതുമാണ്.

4. കുടിവെള്ള സ്രോതസ്

50% കിണറിനെയും 24% പേർ പൊതുടാപ്പുകളെയും 2% പേർ കുഴൽക്കിണറുകളെയും 24% പേർ നദി/അരുവികൾ തുടങ്ങിയ മറ്റ് മാർഗ്ഗങ്ങളെയും കുടിവെള്ള സ്ത്രോതസിനായി ആശ്രയിക്കുന്നന്നു.

5. സാമ്പത്തിക ബാധ്യത

സ്ഥലം, വീട്, കൃഷി, സ്വയം തൊഴിൽ കണ്ടെത്തൽ, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട് 34% കുടുംബങ്ങൾക്കും സാമ്പത്തിക ബാധ്യതയുണ്ട്.

6. സർക്കാർ ധനസഹായം

കൊഴിഞ്ഞുപോയ കുട്ടികളിൽ 24% പേരുടെ കുടുംബങ്ങൾക്കും സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം ലഭിക്കുന്നവരാണ്.

7. മാതാപിതാക്കൾ വേർപിരിഞ്ഞു കഴിയുന്നവർ

സംസ്ഥാനതലത്തിൽ വയനാട് ഒഴികെയുള്ള ജില്ലകളിൽ മാതാപിതാക്കൾ വേർപിരിഞ്ഞു കഴിയുന്നവരുടെ ശരാശരി 7% ആകുമ്പോൾ ഇത് വയനാട് ജില്ലയിൽ 10% ആകുന്നു.

8. വിവാഹം

വിവാഹം കഴിച്ചതുമൂലം പഠനം നിർത്തി കൊഴിഞ്ഞുപോയവരുടെ എണ്ണം സംസ്ഥാനതലത്തിൽ 4% പേരാണ്. എന്നാൽ വയനാട് ജില്ലയിൽ ഏകദേശം 5% ആണ്.

9. ശാരീരികമോ മാനസികമോ ആയ അവശത

കൊഴിഞ്ഞുപോയ കുട്ടികളിൽ, ശാരീരികമായ അവശതയോ മാനസികമായ വെല്ലുവിളിയോ നേരിടുന്നവർ 8% ആണ്. ഈ കുട്ടികളിൽ, 14% ബുദ്ധിമാന്ദ്യം സംഭവിച്ചവരും 12% അസ്ഥിസംബന്ധമായ വൈകല്യമുള്ളവരും 11% മാനസിക വെല്ലുവിളി നേരിടുന്നവരും 10% പഠനവൈകല്യമുള്ളവരും 7% അന്ധത, ബധിരത ബാധിച്ചവരും 46% മറ്റ് ആരോഗ്യ പ്രശ്നമുള്ളവരുമാണ്.

#### 10.നിയമവിരുദ്ധ പ്രവർത്തനം

നിയമ വിരുദ്ധ പ്രവർത്തനത്തിൽ ഏർപ്പെട്ടതുമൂലം പഠനം നിർത്തിയവരുടെ എണ്ണം സംസ്ഥാനതലത്തിൽ വളരെ കുറവാണ് (0.5%) എങ്കിലും 10% പേരിൽ നിന്നും ഇതുമായി ബന്ധപ്പെട്ട് യാതൊരു പ്രതികരണവും ഉണ്ടായില്ല.

## III. കൊഴിഞ്ഞുപോയ കുട്ടി പഠിച്ച സ്കൂൾ പശ്ചാത്തലം

#### 1. സ്കൂൾ പി.ടി.എ. യുടെ പ്രവർത്തനം

സംസ്ഥാനത്ത് കൊഴിഞ്ഞുപോയ കുട്ടികൾ പ്രതിനിധാനം ചെയ്യുന്ന സ്കൂളുകളിൽ 86% സ്കൂളുകളിലും പി.ടി.എ. യുടെ പ്രവർത്തനം സജീവവും 11% പി.ടി.എ. യുടെ പ്രവർത്തനം ഭാഗീകവുമാണ്. 3% സ്കൂളുകളിൽ പി.ടി.എ. രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.

#### 2. വീട്ടിൽ നിന്നു സ്കൂളിലേക്കുള്ള ദൂരം

- സംസ്ഥാനത്ത് കൊഴിഞ്ഞു പോയ കുട്ടികളിൽ, പഠനത്തിനു വിധേയമാക്കിയവരുടെ വീടുകളിൽ നിന്നും അവരുടെ വിദ്യാലയങ്ങളിലേക്കുള്ള ദൂരം സംബന്ധിച്ച് നടത്തിയ പഠനത്തിൽ 34% കുട്ടികളുടെയും വീട്ടിൽ നിന്നും സ്കൂളിലേക്കുള്ള ദൂരം ഒരു കിലോമീറ്ററിൽ കുറവാണ്.
- 3 കി. മീറ്റർ മുതൽ 6 കി. മീറ്റർ വരെ യാത്ര ചെയ്ത് സ്കൂളിലെത്തിയിരുന്ന കൊഴിഞ്ഞു പോയ കുട്ടികളുടെ എണ്ണം 46 ശതമാനവും 6 കിലോമീറ്ററിലധികം യാത്ര ചെയ്ത് സ്കൂളിലെത്തുന്ന കുട്ടികളുടെ എണ്ണം 12 ശതമാനവുമാണ്.
- മുകളിൽ പറഞ്ഞതനുസരിച്ച് വയനാട് ജില്ലയിൽ 3 കി. മീ മുതൽ 6 കി. മീ. വരെ യാത്ര ചെയ്ത് സ്കൂളിലെത്തുന്ന കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം 41 ശതമാനവും, 6 കിലോ മീറ്ററിലുമധികം യാത്ര ചെയ്യുന്ന കുട്ടികളുടെ എണ്ണം 13 ശതമാനവുമാണ്.

#### 3. സ്കൂളിലേക്കുള്ള യാത്രസൗകര്യങ്ങൾ

സ്കൂളിലേക്കുള്ള യാത്രാസൗകര്യം കണക്കാക്കുമ്പോൾ, സംസ്ഥാനത്ത് കൊഴിഞ്ഞുപോയ കുട്ടികളിൽ 44% പൊതുഗതാഗതത്തെയും 7% സ്കൂൾ ബസുകളെയും 10% ഗോത്ര സാരഥി പോലെയുള്ള പ്രത്യേക പദ്ധതിയിൽപെടുന്ന വാഹനസൗകര്യത്തെയും

27% മറ്റ് യാത്രാ സൗകര്യത്തെയും ആശ്രയിക്കുന്നവരാണ്. 12% കുട്ടികൾ ഭാഗീകമായോ പൂർണ്ണമായോ യാത്രാ അസൗകര്യം നേരിടുന്നവരാണ്.

**4. തുടർവിദ്യാഭ്യാസം ചെയ്യുന്നതിനുള്ള താല്പര്യം**

കൊഴിഞ്ഞുപോയ കുട്ടികളുടെ തുടർവിദ്യാഭ്യാസം ചെയ്യുന്നതിനുള്ള താൽപ്പര്യത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ 49% പേർക്കും തുടർവിദ്യാഭ്യാസം ചെയ്യാൻ താൽപ്പര്യമുണ്ടെന്ന് തന്നെയാണ് അറിയിച്ചത്. എന്നാൽ ശേഷിക്കുന്നവരിൽ 40% പേർ പഠനം തുടരാൻ താൽപ്പര്യമില്ലായെന്നും 11% പേർ പ്രത്യേകിച്ച് ഒന്നും പ്രതികരിക്കാത്തവരുമാണ്.

**5. തുടർപഠനത്തിനുള്ള പ്രേരണ**

തുടർ പഠനത്തിനുള്ള പ്രേരണ ആരിൽ നിന്നെങ്കിലും ഉണ്ടായിട്ടുണ്ടോ എന്ന ചോദ്യത്തിന് സർവ്വേക്കു വിധേയരായ കൊഴിഞ്ഞുപോയ കുട്ടികളിൽ 61% കുട്ടികളും രക്ഷിതാക്കളിൽ നിന്ന് പ്രേരണയുള്ളതായി പറഞ്ഞു. എസ്.എസ്.എ., എസ്.ടി. പ്രമോട്ടർമാർ തുടങ്ങിയ സർക്കാർ സംവിധാനങ്ങളിൽ നിന്നും പ്രേരണയുള്ളതായി 26% പേർ പ്രതികരിച്ചു. ജനപ്രതിനിധികളിൽ നിന്നും പ്രേരണയുള്ളതായി 2% പേരും സന്നദ്ധ സംഘടനാ പ്രവർത്തകരിൽ നിന്ന് പ്രേരണയുള്ളതായി മറ്റൊരു 2% പേരും അറിയിച്ചു.എന്നാൽ 9% പേർ ആരിൽ നിന്നും യാതൊരു വിധ പ്രേരണയും ഉണ്ടായിട്ടില്ല എന്നറിയിച്ചവരാണ്.

**6. പ്രേരണ ഉണ്ടായിട്ടും തുടർന്നു പഠിക്കാത്തതിന്റെ കാരണം**

പ്രേരണ ഉണ്ടായിട്ടും തുടർന്നു പഠിക്കാത്തതിന്റെ കാരണം തേടിയുള്ള ചോദ്യങ്ങൾക്ക് 44 ശതമാനവും "സ്വന്തമായ തീരുമാനം" കൊണ്ടാണെന്നാണ് പ്രതികരിച്ചത്. സഹോദരങ്ങളുടെ സംരക്ഷണം ഒരു കാരണമായി പറഞ്ഞത് 4% മാത്രമാണ്. മറ്റിനം 52% ഒരു പ്രായപരിധി കഴിഞ്ഞാൽ കുട്ടികളുടെ മേലുള്ള രക്ഷിതാക്കളുടെ നിയന്ത്രണം ഇല്ലാതാകുന്നു എന്നതിനെ സാധൂകരിക്കുന്നതാണ് ഈ കണ്ടെത്തൽ.

## IV. കൊഴിഞ്ഞുപോക്കിന്റെ പ്രധാന കാരണങ്ങൾ

പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൻ കീഴിൽ വരുന്ന വിദ്യാലയങ്ങളിൽ നിന്നും 2016-17 അദ്ധ്യയന വർഷം കൊഴിഞ്ഞുപോയ കുട്ടികളിൽ, വയനാട് ജില്ലയിൽ നിന്നും 100% കുട്ടികളെയും മറ്റ് 13 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 10% കുട്ടികളെയും അടിസ്ഥാനമാക്കി നടത്തിയ സർവ്വേയിൽ കൊഴിഞ്ഞുപോക്കിന് ആധാരമായ പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ സഹായങ്ങളും, അടിസ്ഥാനസൗകര്യങ്ങളും ഉണ്ടായിട്ടും ബഹുഭൂരിപക്ഷവും കൊഴിഞ്ഞുപോകുന്നതിന്റെ പ്രധാന കാരണം പഠനത്തോടുള്ള വിമുഖതയും മടിയും അലസതയും ഉത്തരവാദിത്വരാഹിത്യവുമാണ്.
2. ഹൈസ്കൂൾ തലത്തിൽ കൊഴിഞ്ഞുപോയ മിക്ക കുട്ടികൾക്കും ശാസ്ത്രം, ഗണിതം, ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങളോടുള്ള താല്പര്യമില്ലായ്മ ഒരു പ്രധാന കാര്യമാണ്.
3. അസുഖ ബാധിതരാകുന്ന കുട്ടികൾ ഒരു ചെറിയ ഇടവേളയിൽ സ്കൂളിൽ പോകാതിരിക്കുകയും തുടർന്ന് സ്ഥിരമായി പഠനം ഉപേക്ഷിക്കുകയും ചെയ്യുന്ന പ്രവണതയുണ്ട്.
4. വയനാട് ജില്ലയിൽ നടത്തിയ പ്രത്യേക പഠനത്തിൽ പണിയ, കാട്ടുനായ്ക്ക, കുറുമ സമുദായങ്ങളിൽപ്പെട്ട കുട്ടികൾ ചെറിയ ജോലികളിൽ (കാപ്പിക്കുരു ശേഖരിക്കുക പോലുള്ള സീസണൽ ജോലികൾ) ഏർപ്പെട്ട് വരുമാനം നേടുന്നതും, പ്രസ്തുത പ്രവർത്തിയിൽ തുടരുന്നതും കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.
5. മേൽപ്പറഞ്ഞ വിഭാഗത്തിലെ പെൺകുട്ടികളെ സ്കൂൾ പഠനകാലത്തുതന്നെ വിവാഹം കഴിച്ചു നൽകുന്നത് കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.
6. വയനാട് ജില്ലയിലെ കർണ്ണാടക സംസ്ഥാനത്തോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലുള്ള കുട്ടികൾക്ക് അദ്ധ്യാപകരും മറ്റ് കുട്ടികളും സംസാരിക്കുന്ന ഭാഷ മനസ്സിലാക്കാൻ കഴിയാത്തത് തിരുനെല്ലി പോലെയുള്ള ഏറ്റവും കൂടുതൽ ആദിവാസികൾ താമസിക്കുന്ന പഞ്ചായത്തിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.
7. വയനാട് ജില്ലയിലെ പ്രാക്തന ഗോത്ര വർഗ്ഗ വിഭാഗക്കാരായ പണിയ, ഊരാളി, കാട്ടുനായ്ക്ക എന്നീ വിഭാഗങ്ങളിലെ വിദ്യാഭ്യാസ സംബന്ധമായ അജ്ഞത, രക്ഷിതാക്കൾ കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കുന്നതിലുള്ള താൽപ്പര്യക്കുറവ്,

വിദ്യാഭ്യാസം നേടി ഉന്നതിയിൽ എത്തിയവരുടെ അഭാവം എന്നിവ ഈ വിഭാഗത്തിൽ നിന്നുള്ള കുട്ടികളുടെ വലിയ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.

8. ആദിവാസി കോളനികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗവും അമിത മദ്യപാന ശീലവും കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.
9. പാഠ്യവിഷയങ്ങൾ മറ്റു കുട്ടികൾക്കൊപ്പം ഉൾക്കൊള്ളാൻ കഴിയാത്തത് ചില വിഭാഗം കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.
10. വിദ്യാഭ്യാസ നിലവാരം വളരെക്കുറഞ്ഞ രക്ഷിതാക്കളുടെ ജീവിതരീതി അതേപടി അനുകരിക്കുന്നത് ചില പിന്നോക്ക മേഖലകളിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.
11. കുടുംബ പ്രശ്നങ്ങൾ മൂലം മാതാപിതാക്കൾ വേർപിരിഞ്ഞ് കഴിയുന്നത് കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.
12. സ്കൂളിലെ സാഹചര്യം, കൃത്യനിഷ്ഠ എന്നിവയോട് പൊരുത്തപ്പെടാതെ പഠനത്തിൽ വൈമുഖ്യം കാണിക്കുകയും ക്ലാസ്സുകളിൽ പോകാതെ കുട്ടികൾ കോളനികളിൽ കൂട്ടം ചേർന്നു കളിച്ചു നടക്കുന്നതും കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.
13. 100% വിജയം ഉറപ്പാക്കുവാൻ ചില സ്കൂളുകൾ പഠനത്തിൽ മോശം നിലവാരം പുലർത്തുന്ന കുട്ടികളെ തോൽപ്പിക്കുന്നത് പഠനം ഉപേക്ഷിക്കുന്നത് കൊഴിഞ്ഞുപോക്കിന് കാരണമായി കാണുന്നു. ഒമ്പതാം ക്ലാസ്സിലെ കനത്ത കൊഴിഞ്ഞുപോക്ക് ഒരുപരിധിവരെ ഇതിനെ സാധൂകരിക്കുന്നു.
14. തെറ്റുകൾ ചെയ്യുന്ന കുട്ടികളെ തിരുത്തുന്നതിനു പകരം ശിക്ഷാനടപടികൾ സ്വീകരിക്കുന്നതും സ്കൂളിൽ നിന്നും പുറത്താക്കുന്നതും പഠനത്തോടുള്ള താൽപ്പര്യക്കുറവിനും തദ്വാര കൊഴിഞ്ഞുപോക്കിനും കാരണമാകുന്നു.
15. ചില സമുദായങ്ങളിൽ, വളരെ ചെറിയ പ്രായത്തിൽ തന്നെ പെൺകുട്ടികളെ വിവാഹം കഴിച്ചു നൽകുന്നത് കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.
16. അകലെയുള്ള സ്കൂളുകളിലേക്കുള്ള സുരക്ഷിതമല്ലാത്ത യാത്ര, ചില ഒറ്റപ്പെട്ട പ്രദേശങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.
17. പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്ക്, അത്തരത്തിലുള്ള സ്കൂളുകൾ, താമസ സ്ഥലത്തിനടുത്തായി ഇല്ലാത്തതുമൂലം, ഇത്തരം കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോകുന്നതിന് കാരണമാകുന്നു.
18. കുടുംബത്തിലെ ഇളയകുട്ടികളുടെ സംരക്ഷണം, വീട്ടുജോലി, സാമ്പത്തിക ബുദ്ധിമുട്ട് എന്നിവ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.

19. കുടുംബത്തെ സഹായിക്കുന്നതിനായി പഠനത്തിനോടൊപ്പം ഏതെങ്കിലും തരത്തിലുള്ള ജോലികളിൽ ഏർപ്പെടുന്നതും കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു. പ്രത്യേകിച്ചും വയനാട് ജില്ലയിൽ നവംബർ മുതൽ ജനുവരി വരെ കാപ്പികൃഷി വിളവെടുക്കുന്ന സമയത്ത് ഈ തോട്ടം മേഖലയിലെ നിരവധി കുട്ടികൾ സ്കൂളുകളിൽ പോകാതിരിക്കുകയും തുടർന്ന് ഡ്രോപ്പ്ഔട്ട് ആകുകയും ചെയ്യുന്നു. ഇടുക്കി ജില്ലയിലെ ഏലത്തോട്ടങ്ങളിലും ഇതേ പ്രവണത കണ്ടുവരുന്നു.

20. ശാരീരിക വൈകല്യം നേരിടുന്ന കുട്ടികൾ മറ്റു കുട്ടികളിൽ നിന്നുമുണ്ടാകുന്ന പരിഹാസം നിറഞ്ഞ മോശമായ പെരുമാറ്റവും കളിയാക്കലുകളും, നിസ്സാരമെങ്കിലും കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.

21. അന്യസംസ്ഥാന തൊഴിലാളികളുടെ കുടുംബങ്ങളിൽ നിന്നും പഠിക്കുന്ന കുട്ടികൾ മാതാപിതാക്കളുടെ തൊഴിലിടത്തിന്റെ മാറ്റത്തിനനുസരിച്ചു വാസസ്ഥലം മാറുന്നത് ആ വിഭാഗത്തിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.

## V. കൊഴിഞ്ഞു പോകാനുണ്ടായ കാരണങ്ങളുടെ വിശകലനം

### 1. സ്കൂളിലേക്കുള്ള ദുർഘടം നിറഞ്ഞ വഴി

വന പ്രദേശത്തുള്ള സ്കൂളുകളിലേക്കുള്ള ദുർഘടം നിറഞ്ഞ വഴി കൊഴിഞ്ഞുപോക്കിന്റെ കാരണമായി കാണുന്നു (6%).

### 2. സ്കൂളിലേക്കുള്ള സുരക്ഷിതമല്ലാത്ത യാത്ര

സ്കൂളുകളിലേക്കുള്ള സുരക്ഷിതമല്ലാത്ത യാത്ര കൊഴിഞ്ഞുപോക്കിന് കാരണമായി 6% പേരാണ്. ഇതിൽ വയനാട് ജില്ലയിൽ നിന്നുള്ള എട്ട് മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികളാണ് ഭൂരിഭാഗവും. വയനാട് ആദിവാസി മേഖലകളിൽ നിന്നും സ്കൂളിൽ പോകുന്ന കുട്ടികൾ വന്യമൃഗങ്ങളിൽ നിന്നും വലിയ ഭീഷണി നേരിടുന്നുണ്ട്.

### 3 .സ്ഥിരമായ അസുഖം

ആകെ കൊഴിഞ്ഞുപോയ കുട്ടികളിൽ 8% സ്ഥിരമായ അസുഖമോ ശാരീരികമായ അവശതയോ മൂലം സ്കൂൾ പഠനം ഉപേക്ഷിക്കാൻ നിർബന്ധിതരായവരാണ്. ആദിവാസി മേഖലയിലെ ചില കുട്ടികൾ അരിവാൾ രോഗം, തളർവാതം, ബുദ്ധിമാന്ദ്യം പോലെയുള്ള രോഗ ബാധിതരാണ്. ഗില്ലൻ ബാരി സിൻഡ്രം എന്ന അപൂർവ്വ രോഗം മൂലം ശരീരം തളരുകയും പഠനം മുടങ്ങുകയും ചെയ്ത കുട്ടിയെയും വയനാട് ജില്ല യിൽ കാണുവാൻ കഴിഞ്ഞു.

### 4. മാതാപിതാക്കൾക്ക് തൊഴിൽ ചെയ്യാൻ കഴിയാത്ത അവസ്ഥ

രക്ഷിതാക്കൾക്ക് പണിയെടുത്ത് കുടുംബം പുലർത്തുവാനും മക്കളെ പഠിപ്പിക്കുവാൻ കഴിയാത്തതു കാരണമാണ് 6% കുട്ടികൾ കൊഴിഞ്ഞുപോയത്.

### 5. അദ്ധ്യയനത്തിലെ തുടർച്ചയായ മോശ പ്രകടനം

കൊഴിഞ്ഞുപോയ കുട്ടികളിൽ 29% വും അദ്ധ്യയനത്തിലെ തുടർച്ചയായ മോശം പ്രകടനം കാരണമാണ്. 100% വിജയം ലഭിക്കുവാൻ ചില സ്കൂളുകൾ അദ്ധ്യയനത്തിൽ തുടർച്ചയായ മോശം പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികളെ തുടർച്ചയായി തോൽപ്പിക്കുന്നത് അവർ കൊഴിഞ്ഞുപോകാൻ പ്രേരണയാകുന്നു. ഇത്തരത്തിൽ തുടർച്ചയായി തോറ്റുപഠിക്കുമ്പോൾ അതേ സ്കൂളിൽ തന്നെ പഠനം തുടരുന്നതിനുള്ള നാണക്കേടു കൊണ്ട് പഠനം അവസാനിപ്പിച്ചവരുമുണ്ട്.

6. വിദ്യാഭ്യാസത്തോടുള്ള രക്ഷിതാക്കളുടെ പ്രതികൂല മനോഭാവം

വിദ്യാഭ്യാസത്തോടുള്ള രക്ഷിതാക്കളുടെ പ്രതികൂല മനോഭാവം പഠനം ഉപേക്ഷിക്കുവാൻ കാരണമായത് 6% കുട്ടികളാണ്. രക്ഷിതാക്കളുടെ വിദ്യാഭ്യാസത്തോടുള്ള അജ്ഞത, സ്കൂളിലേക്ക് കുട്ടികളെ അയക്കുന്നതിനുള്ള താല്പര്യക്കുറവ് എന്നിവയാണ് ഇതിന് അടിസ്ഥാനം. മക്കൾ ഉയർന്ന വിദ്യാഭ്യാസം നേടിയിട്ടും തൊഴിൽ രഹിതരായി തുടരുന്നതിൽ അസംതൃപ്തരായ ചില രക്ഷിതാക്കളുടെ പ്രത്യേക മനോഭാവം ഇളയ കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസ്സം വരുത്തുന്നു.

7. കുടുംബത്തിലെ സഹോദരങ്ങളുടെ സംരക്ഷണവും പരിപാലനവും

കുടുംബത്തിലെ സഹോദരങ്ങളുടെ സംരക്ഷണവും പരിപാലനവും കൊഴിഞ്ഞുപോക്കിന് ഒരു കാരണമായി പറഞ്ഞത് 4% മാണ്. ഇതിൽ ഭൂരിപക്ഷവും പെൺകുട്ടികളാണ്.

8. തുടർച്ചയായി വാസസ്ഥലം മാറൽ

രക്ഷിതാക്കളുടെ തൊഴിൽപരമായ കാരണങ്ങളാൽ തുടർച്ചയായി വാസസ്ഥലം മാറുന്നതു കാരണം കൊഴിഞ്ഞുപോകുന്ന 9% കുട്ടികളിൽ ഭൂരിഭാഗവും വാടക കെട്ടിടങ്ങളിൽ താമസിക്കുന്നവരും താഴ്ന്ന വരുമാനക്കാരുമായ കുടുംബങ്ങളിലെ കുട്ടികളാണ്.

9. കുടുംബത്തിലെ അശാന്തമായ അന്തരീക്ഷം

മദ്യപാനം, മറ്റ് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്നിവയിലൂടെ അശാന്തമാക്കപ്പെടുന്ന കുടുംബ അന്തരീക്ഷമാണ് സർവ്വേ ചെയ്യപ്പെട്ടവരിൽ 11% പേരുടെ കൊഴിഞ്ഞുപോക്കിനുള്ള കാരണമായി കണ്ടെത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ വിഭാഗത്തിലുള്ള നിരവധിയായ കുടുംബങ്ങൾ താമസിക്കുന്ന വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലാണ് ഇത്തരത്തിൽ അശാന്തമായ കുടുംബാന്തരീക്ഷം കൊണ്ട് പഠനം ഉപേക്ഷിച്ച കുട്ടികളിൽ ബഹുഭൂരിപക്ഷവും.

10. സ്കൂളിലെ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം

സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കൊണ്ടല്ല പഠനം ഉപേക്ഷിച്ചത് എന്നതാണ് സർവ്വേയിൽ പങ്കെടുത്ത 99% കുട്ടികളുടെയും കുടുംബാംഗങ്ങളുടെയും അഭിപ്രായം.

11.അദ്ധ്യാപന നിലവാരം മോശമായതുകൊണ്ട്

സർവ്വേയിൽ പങ്കെടുത്ത 98% കുട്ടികളും അദ്ധ്യാപന നിലവാരം മോശമായതുകൊണ്ടല്ല കൊഴിഞ്ഞുപോയത്. അദ്ധ്യാപകരുടെ സ്നേഹപൂർവ്വമല്ലാത്ത പെരുമാറ്റം കൊണ്ട് പഠനം ഉപേക്ഷിച്ചവർ കേവലം 2% മാത്രമാണ്. അതുപോലെ സഹപാഠികളിൽ നിന്നുള്ള മോശം പെരുമാറ്റം കൊണ്ട് പഠനം ഉപേക്ഷിച്ചവരും 2% മാത്രമാണ്.

12.മറ്റ് വിദ്യാർത്ഥികൾക്കൊപ്പം പാഠഭാഗങ്ങൾ ഉൾക്കൊള്ളാൻ കഴിയാത്തത്.

മറ്റ് വിദ്യാർത്ഥികൾക്കൊപ്പം പാഠഭാഗങ്ങൾ ഉൾക്കൊള്ളാൻ കഴിയാത്തത് കൊഴിഞ്ഞുപോക്കിന് കാരണമായതായി 29% കുട്ടികൾ അഭിപ്രായപ്പെട്ടു. ഇത്തരത്തിൽ പാഠഭാഗങ്ങൾ ഉൾക്കൊള്ളാൻ കഴിയാത്തതിലൂടെ, തുടർച്ചയായി പരീക്ഷകളിൽ മോശം പ്രകടനം കാഴ്ചവയ്ക്കുന്നവരുടെ എണ്ണവും ഇതിനു തുല്യമാണ്.

13.മാതൃഭാഷയിൽ പഠനം നടത്തുന്നതിനുള്ള സൗകര്യം ഇല്ലാത്തതുകൊണ്ട്

മാതൃഭാഷയിൽ പഠനം നടത്തുന്നതിനുള്ള സൗകര്യം ഇല്ലാത്തതുകൊണ്ട് പഠനം ഉപേക്ഷിക്കേണ്ടി വന്നത് 2% പേരാണ്.

## VI. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് -പരിഹാരനിർദ്ദേശങ്ങൾ - പ്രാഥമിക തലത്തിൽ

1. കൊഴിഞ്ഞുപോക്കിന് ഒരു പ്രധാന കാരണമായ പഠനത്തോടുള്ള വിമുഖത, മടി എന്നിവ മാറ്റുന്നതിനായി കുട്ടികൾ, രക്ഷിതാക്കൾ എന്നിവർക്കിടയിൽ സ്ഥിരവും, കാര്യക്ഷമവുമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് ആവശ്യമാണ്.
2. വയനാട് ജില്ലയിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന പണിയ, കാട്ടുനായ്ക്ക, കുറുമ എന്നിവർ താമസിക്കുന്ന കോളനികളിൽ നിരന്തരമായ ബോധവത്ക്കരണത്തിലൂടെ വിദ്യാഭ്യാസത്തോടുള്ള മനോഭാവം മാറ്റിയെടുക്കേണ്ടതുണ്ട്.
3. പരമ്പരാഗത രീതിയിൽ ജീവിച്ചു വരുന്നവരും സാമൂഹ്യബന്ധങ്ങൾ ഇഷ്ടപ്പെടാത്തവരുമായ ആദിവാസി വിഭാഗത്തിൽ ഉള്ള കുട്ടികളെ നിലവാരം പുലർത്തുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നത് ഉചിതമായിരിക്കും
4. വയനാട് ജില്ലയിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കോളനി നിവാസികളുടെ പുകയില, ലഹരി ഉൽപ്പന്നങ്ങളുടെ വർദ്ധിച്ച ഉപയോഗം കുറയ്ക്കുന്നതിനുള്ള ലഹരി വിരുദ്ധ പ്രചരണങ്ങളും അവബോധവും സൃഷ്ടിക്കേണ്ടതാണ്. ഇതിനായി പ്രവർത്തിക്കുന്ന നിരവധിയായ ഏജൻസികളുടെ ഏകോപിത പ്രവർത്തനങ്ങൾ കോളനികൾ തോറും നടത്തേണ്ടതായിട്ടുണ്ട്.
5. കൊഴിഞ്ഞുപോയ കുട്ടികളിൽ ഒരു വലിയ ശതമാനത്തിന്റെയും രക്ഷിതാക്കൾ നിരക്ഷരരാണെന്ന് പഠനം വെളിവാക്കുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും രക്ഷകർതൃയോഗങ്ങളിൽ നിരക്ഷരരായ രക്ഷിതാക്കളെ പ്രത്യേകം ക്ഷണിച്ച് വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങളെക്കുറിച്ചുള്ള ഒരു ബോധവത്ക്കരണം നടത്തുന്നതും നല്ല മാതൃകകളെ പരിചയപ്പെടുത്തുന്നതും കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുവാൻ സഹായിക്കും. സ്കൂൾ പി.ടി.എ. കളുടെ പ്രവർത്തനം വളരെ സജീവമാണെന്ന് കൊഴിഞ്ഞുപോയ കുട്ടികളിൽ ബഹുഭൂരിപക്ഷവും അഭിപ്രായപ്പെടുന്നുണ്ടെങ്കിലും, കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള ക്രിയാത്മകമായ പ്രവർത്തനങ്ങൾ പി.ടി.എ. കൾ നടത്തുന്നുണ്ടോ എന്നു വിലയിരുത്തേണ്ടിയിരിക്കുന്നു.

6. കൊഴിഞ്ഞു പോയ കുട്ടികളുടെ രക്ഷിതാക്കളിൽ ഒരു വലിയ വിഭാഗം സാധാരണ കൂലിപ്പണിക്കാരായതിനാൽ ഇത്തരക്കാരായ കുട്ടികളുടെ കുടുംബങ്ങളുടെ സാമ്പത്തികാവസ്ഥ പരിശോധിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ കൂടെ സഹകരണത്തോടെ പദ്ധതി രൂപരേഖകൾ തയ്യാറാക്കുമ്പോൾ പ്രത്യേക സാമ്പത്തിക പാക്കേജുകൾ പരിഗണിക്കാവുന്നതാണ്. സർക്കാരിതര സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഇക്കാര്യത്തിൽ വഹിക്കാൻ കഴിയുന്ന പങ്കും പരിശോധിക്കാവുന്നതാണ്.
7. കൊഴിഞ്ഞുപോയ കുട്ടികളെ തുടർപഠനത്തിലേക്ക് നയിക്കുന്ന പ്രേരകഘടകങ്ങളെക്കുറിച്ചുള്ള പഠനം വെളിവാക്കിയത്, സ്വന്തം രക്ഷിതാക്കളിൽ നിന്നൊഴികെ കാര്യമായ പ്രേരണ മറ്റാരിൽ നിന്നും ഉണ്ടാകുന്നില്ല എന്നതാണ്. എന്നാൽ രക്ഷിതാക്കളുടെ ശക്തിയും ദൗർബല്യവും അറിയുന്ന കുട്ടികൾ അവരുടെ പ്രേരണയ്ക്ക് വഴങ്ങുന്നില്ല.

അതിനാൽ കൊഴിഞ്ഞുപോയ കുട്ടികളെ കണ്ടെത്തി അവരിൽ ശക്തമായ പ്രേരണ ചെലുത്തി തുടർപഠനത്തിലേക്ക് നയിക്കുവാൻ കഴിയുന്ന വ്യക്തികളും സർക്കാർ ഏജൻസികളും, സർക്കാരിതര സന്നദ്ധസംഘടന പ്രവർത്തകരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും കൂടുതൽ ജാഗ്രതയോടെ പ്രവർത്തിച്ചാൽ കൊഴിഞ്ഞുപോക്ക് കുറയ്ക്കുവാനും കൊഴിഞ്ഞുപോയ കുട്ടികളുടെ തുടർപഠനം ഉറപ്പാക്കുവാനും കഴിയും.

8. സ്കൂളിലേക്കുള്ള യാത്രാസൗകര്യം പ്രത്യേകിച്ചും വയനാട്, ഇടുക്കി ജില്ലകളിൽ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.

"ഗോത്രസാരഥി" പോലെയുള്ള പദ്ധതികൾ മെച്ചപ്പെടുത്തുന്നതിലൂടെയും, കാടിന്റെ മക്കളുടെ വിദ്യാഭ്യാസത്തിനായി വനംവകുപ്പ് പോലെയുള്ള സർക്കാർ വകുപ്പുകളുടെയും മറ്റ് സർക്കാരിതര സന്നദ്ധ സംഘടനകളുടെ സഹായ സഹകരണങ്ങളിലൂടെയും യാത്രാസൗകര്യം മെച്ചപ്പെടുത്തി കൊഴിഞ്ഞുപോക്ക് തടയുവാൻ കഴിയുന്നതാണ്.

ദുർഘടവും സുരക്ഷിതവുമല്ലാത്ത കാട്ടുപാതകളിലൂടെ ദീർഘദൂരം യാത്ര ചെയ്ത് സ്കൂളിലെത്തേണ്ടി വരുന്ന കുട്ടികളെ ഹോസ്റ്റൽ സൗകര്യമുള്ള സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. മാത്രവുമല്ല, ഇത്തരത്തിൽ

ഹോസ്റ്റലിൽ നിന്നു പഠിക്കുന്ന ആദിവാസി മേഖലയിൽ നിന്നുള്ള ഹോസ്റ്റലിലെ മറ്റ് അന്തേവാസികളായവരിൽ നിന്നും പ്രത്യേക സംരക്ഷണവും ശ്രദ്ധയും നൽകേണ്ടതുണ്ട്.

9. വേർപിരിഞ്ഞു കഴിയുന്ന മാതാപിതാക്കളുടെ കുട്ടികൾ പഠനം നിർത്തി കൊഴിഞ്ഞു പോകുന്നതിനുള്ള ഒരു പ്രവണത കാണുന്നുണ്ട്.

